പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 4494

04.02.2014 ൽ
മറുപടിക്ക്

## നെൽവയൽ നികത്തിയതുമായി ബന്ധപ്പെട്ടുള്ള പരാതികൾ

ചോദ്യം

ശ്രീ.ശ്രീ.ബാബു.എം.പാലിശ്ശേരി :

ഉത്തരം

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

(എ) അനുമതിയില്ലാതെ നെൽവയൽ നികത്തിയതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ഇത് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(എ) അനുമതിയില്ലാതെ നെൽവയൽ നികത്തിയതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 867 |
| കൊല്ലം | 613 |
| പത്തനംതിട്ട | 61 |
| ആലപ്പുഴ | 350 |
| കോട്ടയം | 600 |
| ഇടുക്കി | 501 |
| എറണാകുളം | 1,151 |
| തൃശ്ശൂർ | 427 |
| പാലക്കാട് | 2,936 |
| മലപ്പുറം | 1,377 |
| കോഴിക്കോട് | 1,352 |
| വയനാട് | 63 |
| കണ്ണൂർ | 266 |
| കാസർഗോഡ് | 62 |
| ആകെ | 10,626 |

| | | | |
|---|---|---|---|
| (ബി) | പല പരാതികളിലും ആവശ്യമായ നടപടി വകുപ്പ് സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ലഭിച്ചിട്ടുളള എല്ലാ പരാതികളിലും നിലവിലെ നിയമപ്രകാരമുളള കർശന നടപടികൾ സ്വീകരിച്ചിട്ടുളളതാണ്. |
| (സി) | പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കുകയും ജലസ്രോതസ്സുകളെ ഇല്ലാതാക്കുകയും ചെയ്യുന്ന, വയൽ നികത്തലും കുന്നിടിക്കലും പോലുളള പ്രവൃത്തികൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (സി) | നെൽവയലുകൾ അനധികൃതമായി നികത്തുന്നതിനെതിരെ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 1967 ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ ഉത്തരവ് എന്നിവ പ്രകാരവും, കുന്നിടിക്കൽ പോലുളള പ്രവർത്തികൾക്കെതിരെ 1967 ലെ കേരള മൈനർ മിനറൽസ് കൺസഷൻ റൂൾസ്, 1957 ലെ മൈൻസ് ആന്റ് മിനറൽസ് ഡവലപ്മെന്റ് ആന്റ് റഗുലേഷൻസ് ആക്ട് എന്നിവ പ്രകാരവും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

Sreekala T.P
സെക്ഷൻ ഓഫീസർ